ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 24.09.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1). ആഗോള നന്മയ്ക്കായി ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ പങ്കിടാൻ ഇന്ത്യ തയ്യാറാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മാനുഷികതയുടെ വിജയം കൂട്ടായ ശക്തിയിലാണെന്ന് ഐക്യരാഷ്ട്ര സഭയിൽ പ്രധാനമന്ത്രി.

**Prime Minister Narendra Modi said India is ready to share digital public infrastructure for global good. victory of humanity lies in collective power says Prime Minister at the United Nations summit.**

2). ആഗോള ഭാവി സംബന്ധിച്ച ചർച്ചയിൽ മനുഷ്യ കേന്ദ്രീകൃത സമീപനമാണ് വേണ്ടതെന്ന് പ്രധാനമന്ത്രി.

**The Prime Minister said that a human-centered approach is needed in the discussion on the global future.**

3). അഞ്ച് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ഉസ്ബെക്കിസ്ഥാനിലേക്ക് പുറപ്പെടും.

**Union Finance Minister Nirmala Sitharaman will leave for Uzbekistan today on a five-day visit.**

4). ജമ്മുകശ്മീരിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നാളെ. അഞ്ച് ജില്ലകളിലെ 26 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്.

The second phase of assembly elections in Jammu and Kashmir on tomorrow. Voting will be held in 26 assembly constituencies in five districts.

5). അടുത്ത വർഷത്തോടെ രാജ്യത്ത് ഒരു ലക്ഷം 4-ജി മൊബൈൽ ടവറുകൾ സ്ഥാപിക്കുകയാണ് ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ.

Aim is to establish.1 lakh 4-G mobile towers in the country By next year says Union Minister Jyotiraditya Scindia.

6). എം-പോക്സിന്റെ പുതിയ വകഭേദമായ ക്ലേഡ് 1 ബി രാജ്യത്ത് ആദ്യമായി മലപ്പുറത്ത് റിപ്പോർട്ട് ചെയ്തു. പ്രതിരോധത്തിനും ഫലപ്രദമായ ചികിത്സയ്ക്കുമായി പുതുക്കിയ മാർഗനിർദേശങ്ങൾ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ്.

A new variant of M-pox, clade 1B, reported for the first time in the country from Malappuram. Minister Veena George said ,will release updated guidelines for prevention and effective treatment.

**********************************************************

## PM SUMMIT - (INTRO)

ആഗോള നന്മയ്ക്കായി ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ പങ്കിടാൻ ഇന്ത്യ തയ്യാറാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യങ്ങൾ പാലമായിരിക്കണം. അത് ഒരു തടസ്സമായി വരരുതെന്നും പ്രധാനമന്ത്രി ഐക്യരാഷ്ട്ര പൊതുസഭയിൽ ഭാവിയുടെ ഉച്ചകോടി എന്ന പ്രമേയത്തിൽ സംസാരിക്കെ പറഞ്ഞു. സുരക്ഷിതവും ഉത്തരവാദിത്തത്തോടെ യുമുള്ള സാങ്കേതിക വിദ്യയുടെ ഉപയോഗത്തിന് സന്തുലിതാവസ്ഥാ നിയന്ത്രണം വേണ്ടതുണ്ട്. പരമാധികാരത്തിനും അഖണ്ഡതയ്ക്കും കോട്ടമില്ലാത്ത ആഗോള ഡിജിറ്റൽ ഭരണനിർവ്വഹണമാണ് ആവശ്യമെന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു. മാനുഷികതയുടെ വിജയം കൂട്ടായ

ശക്തിയിലാണ്.  യുദ്ധഭൂമിയിലല്ലെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

**(VOICE................)**

*********************************************************

**PM SUMMIT - 4**

ആഗോള സ്ഥാപനങ്ങളിൽ പരിഷ്ക്കാരങ്ങൾ വേണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജി-20 കൂട്ടായ്മയിൽ ആഫ്രിക്കൻ യൂണിയന് സ്ഥിരാംഗത്വം നൽകിയത് ഇത്തരത്തിലുള്ള പ്രധാന ചുവടുവയ്പ്പാണ്.
ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി എന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ മോദി വ്യക്തമാക്കി.

*********************************************************

**PM SUMMIT - 2 - (INTRO)**

സുരക്ഷയ്ക്കും സമാധാനത്തിനും നേരെ ഉയരുന്ന വെല്ലുവിളികളും പ്രധാനമന്ത്രി ഉയർത്തിക്കാട്ടി. ഭീകരത വലിയ വെല്ലുവിളി ആയി തുടരവെ തന്നെ സൈബർ, സമുദ്ര, ബഹിരാകാശ രംഗങ്ങളും സംഘർഷത്തിൻറെ പുതിയ മേഖലകളായി ഉയർന്നു വരുന്നു. ഇവയ്ക്ക് പരിഹാരമായി ആഗോള താത്പര്യത്തിന് അനുസൃതമായി ആഗോള നടപടികൾ ഉണ്ടാവണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

**(VOICE................)**

*********************************************************

## PM SUMMIT - 3

ആഗോളഭാവി സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ മനുഷ്യ കേന്ദ്രീകൃത സമീപനമാണ് വേണ്ടതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. സുസ്ഥിര വികസനത്തിന് പ്രാധാന്യം നൽകുമ്പോൾ മനുഷ്യരുടെ ക്ഷേമം, ഭക്ഷണം, ആരോഗ്യസുരക്ഷ എന്നിവയും ഉറപ്പാക്കണം. 250 ദശലക്ഷം ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റിയ ഇന്ത്യ സുസ്ഥിര വികസനം സാധ്യമാണെന്ന് തെളിയിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. ഗ്ലോബൽ സൗത്തുമായി അനുഭവങ്ങൾ പങ്കിടാൻ തയ്യാറാണെന്നും അദ്ദേഹം വ്യക്തമാക്കി. അമേരിക്കൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ന് ഇന്ത്യയിൽ മടങ്ങിയെത്തും.

*************************************************************

## INDIA- VIETNAM BILATERAL

ഐക്യരാഷ്ട്ര പൊതുസഭയിൽ നടന്ന ഭാവി ഉച്ചകോടിയിൽ സംബന്ധിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി വിയറ്റ്നാം പ്രസിഡൻ്റ് തോ ലമുമായി ന്യൂയോർക്കിൽ കൂടിക്കാഴ്ച നടത്തി. നേതൃപരമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തതിന് പ്രധാനമന്ത്രി തൊ ലമിനെ അഭിനന്ദിച്ചു. ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നതായി ശ്രീ നരേന്ദ്രമോദി പറഞ്ഞു. ഉഭയകക്ഷി സഹകരണം മുന്നോട്ട് കൊണ്ടുപോകുന്നതിനും ഇരുരാജ്യങ്ങളും തമ്മിലുള്ള സമഗ്ര തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ ഇരുനേതാക്കളും ചർച്ച ചെയ്തു. യാഗി ചുഴലിക്കാറ്റ് ദുരന്ത നിവാരണത്തിന് ഇന്ത്യ നൽകിയ അടിയന്തര സഹായത്തിന് വിയറ്റ്നാം പ്രസിഡൻ്റ് ശ്രീ നരേന്ദ്രമോദിക്ക് നന്ദി പറഞ്ഞു.

**********************************************************

**MEA BRIEFING**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അമേരിക്കൻ സന്ദർശനം വിജയകരമായിരുന്നുവെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്റി ന്യൂയോർക്കിൽ മാധ്യമങ്ങളോട് പറഞ്ഞു. അമേരിക്കയിലെ ഇന്ത്യൻ സമൂഹം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ സുപ്രധാനമാണ്. പ്രധാനമന്ത്രി ഇക്കാര്യം ചൂണ്ടിക്കാട്ടിയെന്നും ശ്രീ. വിക്രം മിസറി വെളിപ്പെടുത്തി. നേപ്പാൾ പ്രധാനമന്ത്രി ശർമ ഒലി, കുവൈറ്റ് കിരീടാവകാശി, യുക്രെൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കി, പലസ്തീൻ പ്രസിഡൻറ് എന്നിവരുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച ഫലപ്രദമായിരുന്നു എന്നും ശ്രീ വിക്രം മിസ്റി അറിയിച്ചു.

**********************************************************

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

**********************************************************

**FM – USBECKISTAN VISIT**

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഉസ്ബെക്കിസ്ഥാനിലേക്ക് പുറപ്പെടും. സമർഖണ്ഡിൽ ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ് മെൻറ് ബാങ്കിൻറെ ഗവർണർമാരുടെ ഒൻപതാമത് വാർഷിക ബോർഡ് യോഗത്തിൽ മന്ത്രി നാളെ പങ്കെടുക്കും. ഇന്ത്യയും ഉസ്ബെക്കിസ്ഥാനും തമ്മിലുള്ള ഉഭയകക്ഷി നിക്ഷേപ കരാറിലും മന്ത്രി ഒപ്പുവയ്ക്കും. ഉസ്ബെക്കിസ്ഥാൻ, ചൈന, ഖത്തർ ധനമന്ത്രിമാരുമായി ശ്രീമതി നിർമല സീതാരാമൻ ചർച്ച നടത്തും.

ഉസ്ബെക്കിസ്ഥാൻ  പ്രസിഡൻറ് ഷൗക്കത്ത് മിർസിയോയേവുമായും കൂടിക്കാഴ്ച നടത്തുമെന്നാണ് കരുതുന്നത്. സമർഖണ്ഡ് സർവകലാശാല, താഷ്ക്കൻറിലെ ലാൽ ബഹദൂർ ശാസ്ത്രി സ്മാരകം എന്നിവിടങ്ങൾ  സന്ദർശിക്കുന്ന മന്ത്രി  ഉസ്ബെക്കിസ്ഥാനിലെ ഇന്ത്യൻ സമൂഹവുമായും സംവദിക്കും.

*************************************************************

## JK - POLL ARRANGEMENTS

ജമ്മുകശ്മീരിൽ  നാളെ നടക്കാനിരിക്കുന്ന രണ്ടാം ഘട്ട നിയമസഭാ  തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. അഞ്ചു ജില്ലകളിലെ 26 നിയമസഭാ മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ് . ജമ്മു ഡിവിഷനിലെ റെയ്സി, രജൗരി, പൂഞ്ച് ജില്ലകളും കശ്മീർ താഴ്വരയിലെ ശ്രീനഗർ, ബുദ്ഗാം ജില്ലകളും നാളെ ജനവിധി തേടും. 239 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. 25.78 ലക്ഷം വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിക്കും. അടുത്ത മാസം എട്ടിനാണ് വോട്ടെണ്ണൽ. ഈ മാസം 18-ന് നടന്ന ഒന്നാം ഘട്ട തിരഞ്ഞെടുപ്പിൽ 61 ശതമാനമായിരുന്നു പോളിങ്. അവസാനത്തെയും മൂന്നാമത്തെയും ഘട്ട തിരഞ്ഞെടുപ്പ് അടുത്ത മാസം ഒന്നിന് നടക്കും.

*************************************************************

## JYOTIRADITYA SCINDIA- 4G

രാജ്യത്ത് അടുത്ത വർഷം പകുതിയോടെ  ഒരു ലക്ഷം 4ജി മൊബൈൽ ടവറുകൾ സ്ഥാപിക്കാൻ സർക്കാർ ലക്ഷ്യമിടുന്നതായി കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ

സിന്ധ്യ. ഇതുവരെ 36,574 4-ജി മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മൂന്നാം എൻഡിഎ സർക്കാരിന്റെ ആദ്യ 100 ദിവസങ്ങളിൽ തന്റെ മന്ത്രാലയത്തിന്റെ നേട്ടങ്ങളെക്കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ശ്രീ സിന്ധ്യ.

**************************************************************

## M-POX - CLADE1B

എം-പോക്സിൻ്റെ പുതിയ വകഭേദമായ ക്ലേഡ് 1 ബി രാജ്യത്ത് ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്തു. യു.എ.ഇ യിൽ നിന്ന് കഴിഞ്ഞയാഴ്ച കേരളത്തിൽ എത്തി മലപ്പുറത്ത് ചികിത്സയിലുള്ള യുവാവിൽ ഈ വകഭേദം കണ്ടെത്തിയതായി ആരോഗ്യ മന്ത്രാലയം അറിയിച്ചു. രോഗി നിരീക്ഷണത്തിലാണെന്നും ആരോഗ്യനില തൃപ്തികരമാണെന്നും മന്ത്രാലയം അറിയിച്ചു. അതേസമയം, എംപോക്സ് ലക്ഷണങ്ങളോടെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡിൽ നിരീക്ഷണത്തിലായിരുന്ന ആളുടെ പരിശോധന ഫലം നെഗറ്റീവാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

**************************************************************

## VEENA GEORGE

സംസ്ഥാനത്ത് എംപോക്സ് സംബന്ധമായ പ്രതിരോധത്തിനും ഫലപ്രദമായ ചികിത്സയ്ക്കുമായി പുതുക്കിയ മാർഗനിർദേശങ്ങൾ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ്. എല്ലാ ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എയർപോർട്ടുകളിൽ ഉൾപ്പെടെ നിരീക്ഷണം ശക്തിപ്പെടുത്തി. നിലവിൽ 5 ലാബുകളിൽ പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

********************************************************

**KOTTAYAM**

കോട്ടയം കുമരകം കൈപ്പുഴമുട്ടിൽ ഇന്നലെ രാത്രി കാർ വെള്ളത്തിൽ വീണ് ഉണ്ടായ അപകടത്തിൽ രണ്ട് മരണം. മഹാരാഷ്ട്രയിൽ താമസിക്കുന്ന കൊട്ടാരക്കര സ്വദേശിയും, സുഹൃത്തുമാണ് മരിച്ചതെന്നാണ് വിവരം. ഇരുവരുടെയും മൃതദേഹം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

********************************************************

**MODI 3.0 WOMEN LED DEVE.100 DAYS**

തുടർച്ചയായി മൂന്നാം തവണയും അധികാരത്തിലെത്തിയ നരേന്ദ്രമോദി സർക്കാർ 100 ദിനം പൂർത്തിയാക്കി. അടിസ്ഥാന സൗകര്യം, സാമൂഹ്യക്ഷേമം, കർഷകർ, മധ്യവർഗ്ഗക്കാർ, സ്ത്രീകൾ, യുവജനങ്ങൾ എന്നിവർക്കായി ഇതിനകം 15 ലക്ഷം കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചത്. സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് പ്രത്യേകിച്ചും ഗ്രാമങ്ങളിലെ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള സ്ത്രീകൾക്കായി പദ്ധതികൾ നടപ്പാക്കി വരുന്നു. 2047-ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റുകയാണ് ലക്ഷ്യം.

********************************************************

**GOYAL - AUSTRALIA**

ഓസ്ട്രേലിയൻ സന്ദർശനത്തിൻ്റെ ആദ്യ ദിവസമായ ഇന്നലെ കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ വിവിധ യോഗങ്ങളിലും ചർച്ചയിലും പങ്കെടുത്തു. പ്രമുഖ ഓസ്ട്രേലിയൻ-ഇന്ത്യൻ സിഇഒമാരെ ഉൾപ്പെടുത്തി ബിസിനസ് കൗൺസിൽ ഓഫ് ഓസ്ട്രേലിയ സംഘടിപ്പിച്ച റൗണ്ട് ടേബിൾ യോഗത്തിൽ ശ്രീ

ഗോയൽ പങ്കെടുത്തതായി വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. ഇന്ത്യയിലെ സുസ്ഥിര സാമ്പത്തിക വളർച്ച നൽകുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്താൻ ഓസ്ട്രേലിയൻ വ്യവസായ പ്രമുഖരെ കേന്ദ്ര മന്ത്രി ക്ഷണിച്ചു. ഓസ്ട്രേലിയൻ പെൻഷൻ ഫണ്ടിൽ നിന്നുള്ള മുതിർന്ന പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം സിഡ്നി ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമൂഹ പ്രതിനിധികളുമായും സംവദിച്ചു.

**************************************************************

## PARLIAMENT – CONFERENCE

നിയമനിർമ്മാണ സഭകളുടെ കാര്യക്ഷമതയും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിന് സാങ്കേതികവിദ്യയുടെ ഉപയോഗം പ്രധാനമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള . ഇന്നലെ ന്യൂഡൽഹിയിൽ ആരംഭിച്ച 10-ാമത് കോമൺവെൽത്ത് പാർലമെൻ്ററി അസോസിയേഷൻ ഇന്ത്യ മേഖലാ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയെക്കുറിച്ച് വിവിധ പ്ലാറ്റ്ഫോമുകളിൽ ചർച്ച ചെയ്യാനും സമൂഹത്തിലെ ഓരോ വ്യക്തിയുടെയും ക്ഷേമത്തിനായി പദ്ധതികൾക്ക് രൂപം നൽകാനും നിയമനിർമ്മാണ സമിതികളോട് ശ്രീ ബിർള അഭ്യർത്ഥിച്ചു.

********************

********************

**************************************************************